ദേശാഭിമാനി

24 May 2026

■ രാസവളങ്ങളുടെ അമിത ഉപയോഗം

# ബോധവൽക്കരണവുമായി സിഎംഎഫ്ആർഐ

കൊച്ചി

കൃഷിയിടങ്ങളിൽ രാസവളങ്ങൾ അമിതമായി ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരണവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് ഉദ്ഘാടനം ചെയ്തു. 'ഖേത് ബച്ചാവോ അഭിയാനിന്റെ' ഭാഗമായി നടന്ന ബോധവൽക്കരണ പരിപാടിയിൽ 200ലേറെ കർഷകർ പങ്കെടുത്തു. രാസവളങ്ങളുടെ അളവ് കുറച്ച് മണ്ണും പരിസ്ഥിതിയും സംരക്ഷിക്കുന്ന പ്രകൃതിദത്ത കൃഷിരീതികളിലേക്ക് കർഷകർ മാറണമെന്ന് വിദഗ്ധർ ആവശ്യപ്പെട്ടു.

മത്സ്യമേഖലയിലെ നൂതന സാങ്കേതികവിദ്യകൾ സംയോജിപ്പിച്ച് സിഎംഎഫ്ആർഐ വികസിപ്പിച്ചെടുത്ത ജൈവ ഉൽപ്പന്നങ്ങളുടെ പ്രദർശനവും നടന്നു. കടൽപ്പായലുകളിൽനിന്ന് നിർമിച്ച ബയോഫെർട്ടിലൈസറുകൾ, ബയോസ്റ്റിമുലന്റുകൾ, മത്സ്യമാലിന്യങ്ങളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന 'ഫിഷ്ലൈസർ' എന്ന ജൈവവളം, ജൈവമാലിന്യ സംസ്കരണത്തിനുള്ള പട്ടാളപ്പുഴു അധിഷ്ടിത സാങ്കേതികവിദ്യ എന്നിവയുടെ ഉപയോഗം പരിചയപ്പെടുത്തി. ഡോ. കെ എസ് കാർത്തിക, ഡോ. സനൽ എബ്നേസർ, ഡോ. ആർ വിദ്യ എന്നിവർ സംസാരിച്ചു.